എ.വൈ.ആർ

സൂറ-10

# യൂനുസ്

**27** എന്നാൽ തിന്മകൾ സമ്പാദിച്ചവരോ, തിന്മയുടെ ഫലം തത്തുല്യമായ തിന്മതന്നെ. ഹീനത അവരെ മൂടുന്നതാകുന്നു. അല്ലാഹുവിൽനിന്ന് അവരെ രക്ഷിക്കാനാരുമുണ്ടാവില്ല. ഇരുട്ടേറിയ രാവിന്റെ ഖണ്ഡത്താൽ പൊതിയപ്പെട്ടവണ്ണം അവരുടെ മുഖങ്ങൾ ഇരുണ്ടിരിക്കും. അവരത്രെ നരകാവകാശികൾ; അതിൽ തന്നെ നിത്യമായി വസിക്കുന്നവർ.

وَٱلَّذِينَ كَسَبُوا۟ ٱلسَّيِّـَٔاتِ جَزَآءُ سَيِّئَةٍۭ بِمِثْلِهَا وَتَرْهَقُهُمْ ذِلَّةٌ ۖ مَّا لَهُم مِّنَ ٱللَّهِ
مِنْ عَاصِمٍ ۖ كَأَنَّمَآ أُغْشِيَتْ وُجُوهُهُمْ قِطَعًا مِّنَ ٱلَّيْلِ مُظْلِمًا ۚ أُو۟لَـٰٓئِكَ
أَصْحَـٰبُ ٱلنَّارِ ۖ هُمْ فِيهَا خَـٰلِدُونَ ﴿٢٧﴾

**28** അവരെയെല്ലാവരെയും നാം പരലോകത്ത് ഒരുമിച്ചുകൂട്ടുന്ന നാൾ! എന്നിട്ട് നാം ബഹുദൈവാരാധകരോടു കൽപിക്കും: നിങ്ങളും നിങ്ങളുടെ പങ്കാളികളും നിൽക്കവിടെ! അനന്തരം അവരെ തമ്മിൽ വേർതിരിക്കുകയായി. അപ്പോൾ അല്ലാഹുവിന്റെ പങ്കാളികളായി ആരാധിക്കപ്പെട്ടിരുന്നവർ പറയും: നിങ്ങൾ ഞങ്ങളെ ആരാധിച്ചിരുന്നില്ല.

وَيَوْمَ نَحْشُرُهُمْ جَمِيعًا ثُمَّ نَقُولُ لِلَّذِينَ أَشْرَكُوا۟ مَكَانَكُمْ
أَنتُمْ وَشُرَكَآؤُكُمْ ۚ فَزَيَّلْنَا بَيْنَهُمْ ۖ وَقَالَ شُرَكَآؤُهُم مَّا
كُنتُمْ إِيَّانَا تَعْبُدُونَ ﴿٢٨﴾

**29** നമുക്കിടയിൽ മതിയായ സാക്ഷിയാണ് അല്ലാഹു. നിങ്ങൾ ഞങ്ങളെ ആരാധിച്ചിട്ടുണ്ടെങ്കിൽ തന്നെ ആ ആരാധനയെക്കുറിച്ച് ഞങ്ങൾ തികച്ചും അജ്ഞരായിരുന്നു.

فَكَفَىٰ بِٱللَّهِ شَهِيدًۢا بَيْنَنَا وَبَيْنَكُمْ إِن كُنَّا عَنْ عِبَادَتِكُمْ لَغَـٰفِلِينَ ﴿٢٩﴾

**30** അവിടെ ഓരോ മനുഷ്യനും തന്റെ പൂർവകർമങ്ങൾ പരീക്ഷിച്ചറിയുന്നു. എല്ലാവരും യഥാർഥ യജമാനനായ അല്ലാഹുവിങ്കലേക്കു മടക്കപ്പെട്ടു. അവർ കെട്ടിച്ചമച്ച വ്യാജങ്ങളൊക്കെയും അപ്രത്യക്ഷമായി.

هُنَالِكَ تَبْلُوا۟ كُلُّ نَفْسٍ مَّآ أَسْلَفَتْ ۚ وَرُدُّوٓا۟ إِلَى ٱللَّهِ مَوْلَىٰهُمُ ٱلْحَقِّ ۖ وَضَلَّ
عَنْهُم مَّا كَانُوا۟ يَفْتَرُونَ ﴿٣٠﴾

وَٱلَّذِينَ كَسَبُوا۟ = (എന്നാൽ) സമ്പാദിച്ചവർ(രോ) ٱلسَّيِّـَٔاتِ = തിന്മകൾ, ദോഷങ്ങൾ, പാപങ്ങൾ جَزَآءُ سَيِّئَةٍۭ = തിന്മയുടെ പ്രതിഫലം
بِمِثْلِهَا = തുകൊണ്ടാണ് തത്തുല്യമായ(തിന്മതന്നെ) وَتَرْهَقُهُمْ = അവരെ മൂടുന്നതാകുന്നു, കീഴടക്കുന്നു ذِلَّةٌ = ഹീനത
مَّا لَهُم = അവർക്ക്(ആരും)ഉണ്ടാവില്ല مِّنَ ٱللَّهِ مِنْ عَاصِمٍ = (രക്ഷിക്കാൻ) അല്ലാഹുവിൽനിന്ന്(അവരെ) തടയുന്നവരാൽ

രാവിന്റെ ഖണ്ഡത്താൽ =قِطَعًا مِّنَ ٱلَّيۡلِ അവരുടെ മുഖങ്ങൾ =وُجُوهُهُمۡ പൊതിയപ്പെട്ട(വണ്ണം)ാലെന്നപോലെ =كَأَنَّمَآ أُغۡشِيَتۡ

അതിൽ(തന്നെ) =فِيهَا അവർ =هُمۡ നരകാവകാശികൾ =أَصۡحَٰبُ ٱلنَّارِۖ അവർ (അത്രെ) =أُوْلَٰٓئِكَ ഇരുണ്ട(ഇരുട്ടേറിയ) =مُظۡلِمًا

എല്ലാവരെയും =جَمِيعًا നാം അവരെ ഒരുമിച്ചുകൂട്ടുന്നതാണ് =وَيَوۡمَ نَحۡشُرُهُمۡ നിത്യമായി വസിക്കുന്നവർ =خَٰلِدُونَ

പങ്കുചേർത്തവരോട്(ബഹുദൈവാരാധകരോട്) =لِلَّذِينَ أَشۡرَكُواْ നാം പറയും(കൽപിക്കും) =نَقُولُ പിന്നെ, എന്നിട്ട് =ثُمَّ

നിങ്ങളുടെ പങ്കാളികളും =وَشُرَكَآؤُكُمۡۚ നിങ്ങൾ =أَنتُمۡ നിങ്ങളുടെ സ്ഥലം(നിൽക്കവിടെ!) =مَكَانَكُمۡ

അനന്തരം നാം അവരെ വേർതിരിക്കുകയായി =فَزَيَّلۡنَا بَيۡنَهُمۡۖ

അവരുടെ പങ്കാളികൾ പറഞ്ഞു (അല്ലാഹുവിന്റെ പങ്കാളികളായി ആരാധിക്കപ്പെട്ടവർ പറയും) =وَقَالَ شُرَكَآؤُهُم

നിങ്ങൾ ആരാധിക്കുന്നു(ആരാധിക്കുന്നവർ) =تَعۡبُدُونَ ഞങ്ങളെ =إِيَّانَا നിങ്ങൾ ആയിരുന്നില്ല =مَّا كُنتُمۡ

നിങ്ങൾക്കും ഞങ്ങൾക്കും (നമുക്ക്) ഇടയിൽ =بَيۡنَنَا وَبَيۡنَكُمۡ സാക്ഷിയായിട്ട് =شَهِيدَۢا അല്ലാഹു മതിയായവനാകുന്നു =فَكَفَىٰ بِٱللَّهِ

(നിങ്ങൾ ഞങ്ങളെ ആരാധിച്ചിട്ടുണ്ടെങ്കിൽ തന്നെ) തീർച്ചയായും ഞങ്ങൾ ആയിരുന്നു =إِن كُنَّا

അവിടെ, അന്ന് =هُنَالِكَ അശ്രദ്ധർ, അജ്ഞർ തന്നെ(തികച്ചും) =لَغَٰفِلِينَ നിങ്ങളുടെ(ആ) ആരാധനയെക്കുറിച്ച് =عَنۡ عِبَادَتِكُمۡ

ഓരോ ആത്മാവും, മനുഷ്യനും =كُلُّ نَفۡسٍ പരീക്ഷിക്കുന്നു, അനുഭവിച്ചറിയുന്നു =تَبۡلُواْ

അല്ലാഹുവിങ്കലേക്ക് =إِلَى ٱللَّهِ അവർ മടക്കപ്പെട്ടു =وَرُدُّوٓاْ അതു മുന്തിച്ചത് (തന്റെ പൂർവ കർമങ്ങൾ) =مَّآ أَسۡلَفَتۡۚ

വഴിമാറിപ്പോയി, അപ്രത്യക്ഷമായി =وَضَلَّ സത്യമായ, യഥാർഥമായ =ٱلۡحَقِّۖ അവരുടെ യജമാനനായ =مَوۡلَىٰهُمُ

അവർ കെട്ടിച്ചമച്ച വ്യാജങ്ങൾ (ഒക്കെയും) =مَّا كَانُواْ يَفۡتَرُونَ അവരിൽനിന്ന് =عَنۡهُم

**27:** മുൻ സൂക്തത്തിൽ സജ്ജനങ്ങളുടെ സൗഭാഗ്യങ്ങൾ പരാമർശിച്ചതിനെ തുടർന്ന് ദുർജനത്തിന്റെ ദൗർഭാഗ്യം വ്യക്തമാക്കുകയാണ് ഈ സൂക്തം. حسنة (നന്മ)ന്റെ വിപരീതമാണ് سيّئة. നല്ലതിന് എതിരായ എല്ലാം سيّئة ൽ പെടുന്നു. നന്മ ചെയ്തവർക്കുള്ള പ്രതിഫലം എണ്ണത്തിലും വണ്ണത്തിലും അതിനെക്കാൾ നല്ലതായിരിക്കുമെങ്കിലും തിന്മ ചെയ്തവർക്ക് ആ തിന്മ അർഹിക്കുന്ന ശിക്ഷ മാത്രമേ പ്രതിഫലമായി നൽകൂ. നന്മക്കുള്ള പ്രതിഫലം പോലെ അതിന്റെ എണ്ണമോ വണ്ണമോ വർധിപ്പിക്കുകയില്ല. നന്മതിന്മകളുടെ ഫലം തത്തുല്യമായ നന്മതിന്മകളായിരിക്കുക നീതിയുടെ താൽപര്യമാണ്. പക്ഷേ നന്മക്ക് പ്രതിഫലം നൽകുമ്പോൾ അല്ലാഹു അവങ്കൽനിന്നുള്ള കാരുണ്യവും ഔദാര്യവുമായി എണ്ണത്തിലും വണ്ണത്തിലും വർധിപ്പിക്കുന്നു. അത് നീതിയുടെ പോഷണമാണ്. എന്നാൽ തിന്മ ചെയ്തവർക്ക് അർഹിക്കുന്നതിലേറെ ശിക്ഷ നൽകുന്നത് അനീതിയാകും. അത് അതിരുകവിഞ്ഞ ക്രോധത്തിന്റെയും പ്രതികാരവാഞ്ഛയുടെയും താൽപര്യമാകുന്നു. ഇതുരണ്ടും അല്ലാഹുവിനില്ലാത്തതാണ്. നീതിയുടെ താൽപര്യം തിന്മക്ക് തത്തുല്യമായതിലധികം ശിക്ഷ നൽകാതിരിക്കുക എന്നതാണ്. അല്ലാഹുവിന്റെ ദയക്കും ദാക്ഷിണ്യത്തിനും ഇണങ്ങുന്നതും അതുതന്നെ. അതുകൊണ്ട് അവൻ പാപകർമങ്ങൾക്ക് അർഹിക്കുന്ന ശിക്ഷമാത്രം നൽകുന്നു. مَن جَآءَ بِٱلسَّيِّئَةِ فَلَا يُجۡزَىٰٓ إِلَّا مِثۡلَهَا وَهُمۡ لَا يُظۡلَمُونَ (തിന്മയുമായി ഹാജരാകുന്നവന് തത്തുല്യമായതല്ലാതെ പ്രതിഫലം ലഭിക്കുകയില്ല. അവർ അനീതിക്കിരയാകുന്നതുമല്ല - 6:160).

ഓരോ പാപവും അർഹിക്കുന്ന ന്യായമായ ഫലം എന്താണ് എന്ന് നിശ്ചയിക്കുന്നത് അല്ലാഹുവാകുന്നു. ഒരു കർമം ഭൗതിക ലോകത്തുണ്ടാക്കുന്ന പ്രത്യക്ഷമായ പ്രതികരണത്തെ ആശ്രയിച്ചാണ് മനുഷ്യൻ അതിന്റെ ഗൗരവവും അതർഹിക്കുന്ന രക്ഷാശിക്ഷയും കണക്കാക്കുന്നത്. അങ്ങനെ ചെയ്യാനേ മനുഷ്യനു കഴിയൂ. അല്ലാഹുവിന്ന് ഓരോ മനുഷ്യകർമത്തിന്റെയും പരോക്ഷമായ പ്രതികരണങ്ങൾ കൂടി അറിയാം. ഒരു കർമം അതിന്റെ കർത്താവിന്റെ കാലശേഷം നിലനിർത്തുന്ന സ്വാധീനത്തെക്കുറിച്ചു പോലും അവന്നറിയാം. അല്ലാഹു പറയുന്നു:

إِنَّا نَحۡنُ نُحۡيِ ٱلۡمَوۡتَىٰ وَنَكۡتُبُ مَا قَدَّمُواْ وَءَاثَٰرَهُمۡۚ وَكُلَّ شَيۡءٍ

أَحۡصَيۡنَٰهُ فِيٓ إِمَامٍ مُّبِينٍ

(തീർച്ചയായും മരിച്ചുപോയവരെയെല്ലാം നാം പുനരുജ്ജീവിപ്പിക്കുന്നതാകുന്നു. അവർ ചെയ്ത കർമങ്ങളൊക്കെയും നാം എഴുതിവെക്കുന്നുണ്ട്. അവർ പുറകിലുപേക്ഷിച്ച ചിഹ്നങ്ങളെയും നാം രേഖപ്പെടുത്തുന്നുണ്ട്. സകല സംഗതികളും തെളിഞ്ഞ പട്ടികയിൽ കൃത്യമായി ചേർത്തിരിക്കുന്നു - 36:12). ഈ രേഖകളുടെ അടിസ്ഥാനത്തിലായിരിക്കും കർമങ്ങൾ വിലയിരുത്തപ്പെടുന്നതും പ്രതിഫലം നശ്ചയിക്കപ്പെടുന്നതും. അത് മനുഷ്യൻ ഭൗതിക ലോകത്തിരുന്ന് രൂപീകരിക്കുന്ന നിഗമനങ്ങളനുസരിച്ചാവില്ല.

ഈ ലോകത്ത് ഒരാൾക്ക് നൽകാൻ കഴിയുന്ന പരമാവധി ശിക്ഷ, ജീവപര്യന്തംപീഡനമോ വധശിക്ഷയോ ആണ്; പരമാവധി നൽകാവുന്ന സമ്മാനം ജീവിതകാലം മുഴുവനുമുള്ള സുഖസന്തോഷങ്ങളും. നൂറു വർഷത്തിനു താഴെയാണ് സാധാരണ മനുഷ്യായുസ്സ്. അഞ്ഞൂറോ ആയിരമോ കൊല്ലം നിലനിൽക്കുന്ന കർമങ്ങളുടെ കർത്താക്കൾക്ക് അർഹിക്കുന്ന രക്ഷയോ ശിക്ഷയോ ലഭിക്കുക ഈ ലോകത്ത് അസാധ്യമാണ്. ഈ അസാധ്യത നീങ്ങിപ്പോകുന്ന ഇടമാണ് പരലോകം. അവിടത്തെ രക്ഷാശിക്ഷകൾക്ക് ഭൗതിക ലോകത്തെ രക്ഷാശിക്ഷകളുമായി താരതമ്യമില്ല.

മുൻസൂക്തത്തിൽ, وَلَا يَرۡهَقُ وُجُوهَهُمۡ قَتَرٞ وَلَا ذِلَّةٞ എന്നു പറഞ്ഞതിന്റെ വിപരീതമായിട്ടാണ് ഇവിടെ

تَرۡهَقُهُمۡ ذِلَّةٞ.............كَأَنَّمَآ أُغۡشِيَتۡ وُجُوهُهُمۡ قِطَعٗا مِّنَ ٱلَّيۡلِ مُظۡلِمًاۚ

എന്നു പറയുന്നത്. 'ഹീനത അവരെ മൂടുന്നു' എന്നതിന്റെ വിശദീകരണമാണ്, 'അവരുടെ മുഖങ്ങൾ ഇരുട്ടേറിയ രാവിന്റെ ഖണ്ഡത്താൽ പൊതിയപ്പെട്ടവണ്ണം ഇരുണ്ടിരിക്കും' എന്ന വർണന.

പാപബോധവും നൈരാശ്യവും അവരുടെ മുഖങ്ങളിൽ ഇരുണ്ട രാവിന്റെ ഖണ്ഡം വന്നു വീണതുപോലെ പ്രകടമാകുന്നു എന്നാണു താൽപര്യം. അവരുടെ ഹീനതയും നഷ്ടബോധവും സ്ഥായിയായി നിലനിൽക്കുന്നതാണ്. അതിൽനിന്ന് അവരെ രക്ഷിക്കാനാരുമില്ല എന്നത് ഒരു ഇട വാക്യമാണ്. അവർ ആരാധിച്ചുകൊണ്ടിരിക്കുന്ന ദൈവങ്ങളൊന്നും അവിടെ അവരെ രക്ഷിക്കാനുണ്ടായിരിക്കുന്നതല്ല. ശിപാർശകരായികരുതപ്പെട്ടിരുന്നവരെയൊന്നും കാണുകയേയില്ല. അവരിൽനിന്നും ഒരു പ്രയോജനവും ലഭിക്കുകയില്ല.

**28–30:** അല്ലാഹുവല്ലാതെ ആരാധിക്കപ്പെടുന്ന കൃത്രിമ ദൈവങ്ങളെക്കൊണ്ടൊന്നും അല്ലാഹുവിങ്കൽ യാതൊരു ഉപകാരവും കിട്ടാൻ പോകുന്നില്ലെന്നു വ്യക്തമാക്കിയ ശേഷം പരലോകത്ത് ആ ദൈവങ്ങളുടെ അവസ്ഥയെന്തായിരിക്കുമെന്ന് വിവരിക്കുകയാണിവിടെ. وَيَوْمَ نَحْشُرُهُمْ جَمِيعًا (അവരെയെല്ലാവരെയും ഒരുമിച്ചു കൂട്ടുന്ന നാൾ) എന്നതിലെ 'എല്ലാവരെയും' എന്ന പദം വിചാരണ സഭയിൽ ബഹുദൈവാരാധകരോടൊപ്പം അവർ ആരാധിച്ചിരുന്ന വ്യക്തികളെയും വിഗ്രഹങ്ങളെയും മറ്റു വസ്തുക്കളെയുമെല്ലാം ഒരുമിച്ചുകൂട്ടുന്നതാണെന്നു സൂചിപ്പിക്കുന്നു. مَكَانَكُمْ എന്നതിന്റെ അർഥം, 'നിങ്ങളുടെ സ്ഥലം' എന്നാണ്. അതിനുമുമ്പിൽ قفوا (നിൽക്കിൻ) എന്നോ امكثوا (താമസിക്കിൻ) എന്നോ അനുക്തമായിട്ടുണ്ട്. നിൽക്കവിടെ, സ്വൽപം കാത്തുനിൽക്കൂ എന്നീ അർഥങ്ങളിൽ مكانك എന്ന് സാധാരണ ഉപയോഗിക്കുന്നു. വേർതിരിക്കൽ, വിടവുണ്ടാക്കൽ എന്നർഥമുള്ള ترييل ൽനിന്നുള്ള ഭൂതകാല ഉത്തമവചനക്രിയയാണ് زَيَّلْنَا. വിചാരണ സഭയിൽ ബഹുദൈവാരാധകരെയും അവരുടെ ആരാധ്യരെയും വേർതിരിച്ച് നിർത്തുമെന്നും അപ്പോൾ ആരാധ്യർ തങ്ങൾക്ക് ഈ ആരാധ്യരുമായി ഒരു ബന്ധവുമില്ലെന്നും അവർ തങ്ങളെ ആരാധിച്ചിരുന്നതായി തങ്ങളറിഞ്ഞിട്ടു പോലുമില്ലെന്നും പ്രഖ്യാപിക്കുമെന്നും ഖുർആൻ പല സന്ദർഭങ്ങളിലും പ്രസ്താവിക്കുന്നുണ്ട് (ഉദാ: 2:166,167). എന്നാൽ ഇവിടെ زَيَّلْنَا എന്ന പദത്തെ ചില വ്യാഖ്യാതാക്കൾ ആരാധ്യർക്കും ആരാധകർക്കും ഇടയിലുണ്ടായിരുന്ന മറനീക്കിക്കളയുന്നു എന്നാണ് തർജമ ചെയ്തിട്ടുള്ളത്. ആരാധ്യരെ മൂടിയിരുന്ന മഹത്വപരിവേഷമൊക്കെ അവിടെ അപ്രത്യക്ഷമാവുകയും തങ്ങൾ യഥാർഥത്തിൽ ആരാധിച്ചിരുന്നത് തങ്ങളെപ്പോലെ അശക്തരും നിസ്സഹായരുമായ സൃഷ്ടികളെയാണെന്ന് അപ്പോഴവർക്ക് ബോധ്യമാകുമെന്നാണ് താൽപര്യമെന്ന് അത് വ്യാഖ്യാനിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ബഹുദൈവാരാധകർ പരലോകത്ത് തങ്ങളുടെ ആരാധ്യരെ നേരിൽ കാണുകയും അവരുടെ യാഥാർഥ്യം മനസ്സിലാക്കുകയും ചെയ്യുമെന്നാണ് രണ്ടർഥങ്ങളുടെയും സാരം. شُرَكَاؤُكُمْ ന്റെ ഭാഷാർഥം, 'നിങ്ങളുടെ പങ്കാളികൾ' എന്നാണെങ്കിലും ഉദ്ദേശ്യം അല്ലാഹുവിന്റെ പങ്കാളികളാണെന്ന് ആരോപിച്ച് ആരാധിക്കപ്പെട്ടിരുന്നവരാണ്. ഇക്കൂട്ടർ ഞങ്ങളെ ആരാധിച്ചിരുന്നില്ല' എന്നു പറയുന്നത് അവരുടെ അറിവിനെ അടിസ്ഥാനപ്പെടുത്തിയാണ്. അല്ലാഹു മാത്രമാണ് ആരാധ്യനെന്നു വിശ്വസിച്ച് അവനെ മാത്രം ആരാധിച്ചിരുന്നവരായ തങ്ങൾ ആരുടെയും ആരാധ്യരല്ല. അഥവാ വല്ലവരും തങ്ങളെ ആരാധിച്ചിരുന്നുവെങ്കിൽ അക്കാര്യം തങ്ങൾ ഒട്ടും അറിഞ്ഞിട്ടില്ല എന്നതിന് അല്ലാഹു സാക്ഷിയാണ്. ജീവിതകാലം മുഴുവൻ തങ്ങൾ ആരാധിച്ചിരുന്നവരും എല്ലാ ആപൽവേളകളിലും തങ്ങളുടെ രക്ഷക്കെത്തുമെന്ന് പ്രതീക്ഷിച്ചിരുന്നവരുമായ ഇക്കൂട്ടർ അവരുടെ സഹായം ഏറ്റവും ആവശ്യമായ സന്ദർഭത്തിൽ തങ്ങളുടെ ആരാധനയെത്തന്നെ തള്ളിപ്പറയുമ്പോൾ, തങ്ങൾ നടത്തിയ ആരാധനാകർമങ്ങളും നേർച്ച വഴിപാടുകളുമെല്ലാം ഓർത്തുപോവുക സ്വാഭാവികമാണ്. അപ്പോൾ നിങ്ങൾ വിഡ്ഢികളായി അങ്ങനെയൊക്കെ ചെയ്തിരുന്നുവെങ്കിൽ അതൊന്നും ഞങ്ങളറിഞ്ഞിട്ടേയില്ലെന്നു അല്ലാഹുവിനെ സാക്ഷിയാക്കി സത്യം ചെയ്യുകയാണവർ. തീർച്ച എന്നർഥമുള്ള أنّ യുടെ ലഘു രൂപമാണ് إِن كُنَّا യിലെ إِن.

അനുഭവിച്ചറിഞ്ഞു, പരിശോധിച്ചു, പരീക്ഷണ വിധേയമായി എന്നീ അർഥങ്ങളുള്ള بلى യുടെ ഭാവി രൂപമാണ് تبلى. ഉയിർത്തെഴുന്നേൽപിലും വിചാരണയിലും അവർക്കു വിശ്വാസമുണ്ടായിരുന്നില്ല. അഥവാ അങ്ങനെയൊന്നുണ്ടെങ്കിൽതന്നെ തങ്ങളാരാധിക്കുന്ന ദേവീദേവന്മാർ ഇടപെട്ട് എല്ലാ ക്ലേശങ്ങളിൽനിന്നും തങ്ങളെ രക്ഷിച്ചുകൊള്ളും എന്നും കരുതി. സഹായിക്കുമെന്ന് പ്രതീക്ഷിച്ച ആരാധ്യരെല്ലാം ഏറ്റം അപമാനകരമായ രീതിയിൽ തള്ളിപ്പറയുന്നതോടെ വിചാരങ്ങളെല്ലാം വെറും വ്യാമോഹങ്ങളായിരുന്നുവെന്ന് അവർക്കനുഭവവേദ്യമാകുന്നു. അതോടെ അവരും അവരുടെ പൂർവ കർമങ്ങളും മടക്കപ്പെട്ടതു അല്ലാഹുവിന്റെ മാത്രം സമക്ഷത്തിലായി. അവിടെ രക്ഷകരോ ശിപാർശകരോ ആയി ആരെയും കാണാനാവില്ല. പൂർവ കർമങ്ങൾക്ക് അല്ലാഹു വിധിക്കുന്ന ന്യായമായഫലം അനുഭവിക്കുകയല്ലാതെ അവർക്ക് ഗത്യന്തരമില്ല. നേരത്തെ കഴിഞ്ഞുപോയത് എന്നാണ് ما سلفت ന്റെ അർഥം. ഇവിടെ അതുകൊണ്ടുദ്ദേശ്യം, ഭൗതിക ജീവിതത്തിൽ ചെയ്തുപോയ കർമങ്ങളാണ്.

പൂർവികരായ ഇസ്‌ലാമിക പണ്ഡിതന്മാരെ سلف الصالح എന്നു വിശേഷിപ്പിക്കാറുണ്ട്. مذاهب السلف പൂർവിക കർമശാസ്ത്ര സരണികളാണ്. പൂർവസൂരികളെ പിന്തുടരുന്നവരാണ് സലഫികൾ. ഇക്കാലത്ത് അതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത് ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദിൽ വഹാബിന്റെ വീക്ഷണങ്ങളെയും പരിഷ്കരണ രീതികളെയും പിന്തുടരുന്നവരാണ്. അവരുടെ പ്രസ്ഥാനമാണ് സലഫി പ്രസ്ഥാനം. ■